എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തണമെങ്കിൽ ഏർപ്പെടുത്താനും ഗവൺമെന്റ് പ്രത്യേകനിലപാട് സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഓരോ കാര്യങ്ങൾക്കും പ്രത്യേകമായ ചില സംവിധാനങ്ങളാണുള്ളത്. ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ട് കാര്യങ്ങൾ പരിശോധിക്കാനുള്ള ഒരു സംവിധാനം ഇന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. പറമ്പിക്കുളത്ത് 7.25 TMC വെള്ളം നമുക്ക് ലഭിക്കേണ്ടതാണ്, അത് ലഭിച്ചിട്ടില്ല. ഇത്തരം സംഭവങ്ങൾ നിരന്തരമായുണ്ടാകുന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ ഞാൻ ഉന്നയിച്ചത്. ഗൗരവമായി നടപടിയെടുക്കേണ്ട പ്രധാനപ്രശ്നം പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കിലാണ്. സുപ്രീംകോടതിയുടെ നദീസംയോജനത്തിനു വേണ്ടിയുള്ള ക്ലിയർ ഡയറക്ഷൻ വന്നതിനുശേഷം ഇക്കാര്യത്തെ സംബന്ധിച്ച് ഗൗരവമായി പഠിക്കാനും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള സത്വര നടപടികൾ വേണം. ഇക്കാര്യത്തെ സംബന്ധിച്ച് കാര്യങ്ങൾ പഠിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കിന്റെ കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ സമീപനമുണ്ട്. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സംവിധാനവുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗൗരവമുള്ളതുതന്നെയാണ്. നമ്മുടെ അന്തർസംസ്ഥാന നദീജല പ്രശ്നങ്ങളെല്ലാംകൂടി കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു ഉന്നതതല സംവിധാനം വേണമെന്നുള്ള നിർദ്ദേശം പ്രത്യേകമായി പരിഗണിക്കുമെന്ന കാര്യം പറയാനാഗ്രഹിക്കുകയാണ്.

2. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കേരളത്തിൽ ഏകദേശം പതിനേഴോളം ക്ഷേമനിധി ബോർഡുകളുണ്ട്. ആ ക്ഷേമനിധി ബോർഡുകളുടെയെല്ലാം പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലായിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. 1991-ലാണ് ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ ആ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായമില്ലാതെ പ്രയാസമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏകദേശം 23 ലക്ഷത്തോളം ആളുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമനിധി ബോർഡിൽ 17 ലക്ഷത്തോളം ആളുകൾ സജീവമായി അംഗത്വം നേടിയിട്ടുണ്ട്. ആ ക്ഷേമനിധി ബോർഡിൽനിന്ന് റിട്ടയർ ചെയ്തിട്ടുള്ളവരുടെ ആനുകൂല്യം കുടിശ്ശികയായിരിക്കുകയാണ്. ഏകദേശം 1,98,000 അപേക്ഷകർ ആനുകൂല്യം ലഭിക്കാനായി കാത്തിരിക്കുകയാണ്. റിട്ടയർമെന്റ് ആനുകൂല്യത്തിന് 180 കോടിരൂപയും വിവാഹ ധനസഹായത്തിന് 11 കോടിരൂപയും മരണാനന്തര ധനസഹായത്തിന് 31 ലക്ഷം രൂപയും പ്രസവ ധനസഹായത്തിന് 22 ലക്ഷംരൂപയും ചികിത്സാധനസഹായത്തിന് 6.25

9.46.AM

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷംരൂപയുമുൾപ്പെടെ ആകെ 192 കോടി രൂപയുണ്ടെങ്കിൽ മാത്രമേ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടു പോകുകയുള്ളൂ. 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് മൂന്ന് പ്രാവശ്യമായി ഏതാണ്ട് 125 കോടിരൂപ ബോർഡിന് നൽകുകയും ആ സമയത്ത് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുപോകുകയും ചെയ്തിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യാതൊരുവിധ ധനസഹായവും ആ ക്ഷേമനിധിബോർഡിന് നൽകിയിട്ടില്ല. നിയമാനുസൃതമായി സർക്കാർ, ബോർഡിന് നൽകേണ്ട മാച്ചിംഗ് ഗ്രാന്റുപോലും തൊഴിലാളികൾക്ക് നിഷേധിക്കുന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ബോർഡിന്റെ നിലവിലുള്ള സ്ഥിതി ഭയാനകമായ നിലയിലാണ് മുന്നോട്ടുപോകുന്നത്. ആ സ്ഥിതി മാറ്റിയെടുക്കാൻവേണ്ടി കർഷകത്തൊഴിലാളി സംഘടനകൾ നിരവധി പ്രാവശ്യം ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും പ്രക്ഷോഭണങ്ങൾ നടത്തുകയും ചെയ്തതാണ്. എന്നാൽ യാതൊരുവിധ നടപടിയും ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചിട്ടില്ല. കർഷകത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ആനുകൂല്യം കൊടുക്കുന്നത് സംബന്ധിച്ച് ഈ സഭയിൽത്തന്നെ നിരവധി പ്രാവശ്യം ഞാനും മറ്റ് പല എം.എൽ.എ.-മാരും ഉന്നയിച്ചതാണ്. ഇപ്പോൾ തൊഴിലാളികളുടെ വിഹിതം അഞ്ച് രൂപയാണ്. അഞ്ച് രൂപ വർദ്ധിപ്പിച്ച് പത്ത് രൂപയാക്കുന്നതിന് തൊഴിലാളികൾ അനുകൂലമാണ്. അതിനുള്ള നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. അതുപോലെ ഭൂ ഉടമാ വിഹിതമായി നിലവിൽ ഒരു ആർ (രണ്ടര സെന്റ്)-ന് 25 പൈസയാണ് ഈടാക്കുന്നത്. ഇതുതന്നെ കൃത്യമായി റവന്യൂ വകുപ്പ് പിരിച്ചെടുക്കുന്നില്ല. മാത്രവുമല്ല, ഭൂവുടമകളുടെ രജിസ്റ്റർ കൃത്യമായി വില്ലേജാഫീസിലില്ല. ആരൊക്കെയാണ് ഭൂമിയുള്ളവർ, എത്ര ഭൂമിയുണ്ട് എന്നതിനെ സംബന്ധിച്ച് വില്ലേജാഫീസിൽ കൃത്യമായ രേഖയില്ല. അതുകൊണ്ടുതന്നെ യഥാസമയം വിഹിതം പിരിച്ചെടുക്കുന്നതിനോ ആ പണം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് എത്തിക്കുന്നതിനോ ആവശ്യമായ നടപടിയുണ്ടാകുന്നില്ല. അടിയന്തരമായി അതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയും തീരുമാനമെടുക്കുകയും വേണം.

അതുപോലെ കശുവണ്ടി തൊഴിലാളികളുടെ പെൻഷൻ ആറ് മാസമായി കുടിശ്ശികയാണ്. നിർമ്മാണത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട ആളുകളുടെ പെൻഷനും 10 മാസമായി കുടിശ്ശികയാണ്. ചുമട്ടുതൊഴിലാളി രംഗത്ത് പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്കാറ്റേഡായി കിടക്കുന്ന തൊഴിലാളികൾക്ക് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ചരക്കോടി രൂപ കൊടുത്തിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നയാപൈസ നൽകിയിട്ടില്ല. അത്തരം തൊഴിലാളികളെക്കൂടി പരിഗണിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം. ഈ വിഷയം ഗൗരവമായി കണ്ട് വേണ്ട നടപടി സ്വീകരിച്ച് വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം 9.50.AM] വസ്തുതകൾ തന്നെയാണ്. ഡിമാൻഡ് ചർച്ചയിൽ ഇക്കാര്യം ഞാൻ വിശദമാക്കിയതാണ്. കഴിഞ്ഞദിവസം സെൻട്രൽ ട്രേഡ് യൂണിയൻ പ്രതിനിധികളെയെല്ലാം വിളിച്ചുവരുത്തി ക്ഷേമനിധിബോർഡുകൾ ദയനീയ സ്ഥിതിയിലാണ് പ്രവർത്തിക്കുന്നതെന്നുള്ള കാര്യം അവരെ ബോദ്ധ്യപ്പെടുത്തി കൂട്ടായി ചർച്ച ചെയ്ത് ചില പരിഹാരനിർദ്ദേശങ്ങളെടുത്തിട്ടുണ്ട്.

ഇവിടെ പ്രധാനമായി പറഞ്ഞത് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനെപ്പറ്റിയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡിന് പ്രതിവർഷം വരുമാനം പരമാവധി 9 കോടി രൂപയും ചെലവ് ഈ വർഷമായപ്പോൾ 48 കോടി രൂപയുമാണ്. 60 രൂപ തൊഴിലാളികളിൽനിന്നും ഒരു വർഷം വാങ്ങിയിട്ട് അതിവർഷാനുകൂല്യമായി മാത്രം ഒരു വർഷത്തേക്ക് 625 രൂപവീതം തിരിച്ചുകൊടുക്കേണ്ടിവരികയാണ്. മൂന്നുവർഷം 180 രൂപ അടച്ചിട്ടുള്ളവർക്ക് 5,000 രൂപയാണ് അതിവർഷാനുകൂല്യം കൊടുക്കേണ്ടത്. ഈ രീതിയിൽ ഒരു ബോർഡിനും മുന്നോട്ടുപോകാൻ കഴിയില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് വൺടൈം റെലിഫ്പ്പായി കുറച്ച് തുക കൊടുത്തിരുന്നുവെങ്കിലും അന്നും കുടിശ്ശികയുണ്ടായിരുന്നു. 2000 മുതൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ പരാധീനതകൾ ബാധിച്ചുതുടങ്ങി. 2009-10 വർഷത്തിൽ വൺടൈം റെലിഫ്പ് എന്നുള്ള നിലയിൽ കുറേ പൈസ കൊടുത്തുവെന്ന കാര്യം ഞാൻ അംഗീകരിക്കുന്നു. ഇന്നിപ്പോൾ ആ നിലയിലുള്ള സാമ്പത്തിക ഭദ്രത ഗവൺമെന്റിനില്ലാത്തതുകൊണ്ടാണ് നിരന്തരമായി ആവശ്യപ്പെട്ടിട്ടും ആ പണം ലഭിക്കാത്തത്. കേവലം ഒരു തവണ മാത്രം പണം കൊടുത്തതുകൊണ്ട് ഇതിന് പരിഹാരമുണ്ടാകുകയില്ല. ഇപ്പോൾ സെൻട്രൽ ട്രേഡ് യൂണിയൻസിന്റെ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. ഇക്കാര്യം കൂട്ടായി ചർച്ച ചെയ്ത് ഗവൺമെന്റിൽനിന്ന് ഒരു തവണ കൂടി ഇതിനാവശ്യമുള്ള സഹായം നേടിയെടുത്താൽപ്പോലും പിന്നെയും ഇത് സ്വയംപര്യാപ്തമായി പോകുന്ന സാഹചര്യമുണ്ടാകണം, അതിനുള്ള വർദ്ധനവുണ്ടാകണം. അതിനുവേണ്ടിയുള്ള കാര്യങ്ങളെക്കുറിച്ചാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ തൊഴിലാളികളുടെ വിഹിതവും ഭൂവുടമാവിഹിതവും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ലേബർ ഡിപ്പാർട്ടുമെന്റ് അമെൻഡ്മെൻഡ് തയ്യാറാക്കി വച്ചിരിക്കുകയാണ്. തൊഴിലാളി യൂണിയനുകളുടെ കൺസെൻസുകൂടി ഉണ്ടായിക്കഴിഞ്ഞാൽ ആ കാര്യങ്ങളുമായി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. നിർമ്മാണ ബോർഡിൽ 10 മാസമായി കുടിശ്ശികയെന്നുപറയുന്നത് വർദ്ധിപ്പിച്ച പെൻഷൻ വേണമെന്നുള്ളതാണ്. ഗവൺമെന്റ് അക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്നുണ്ടെങ്കിൽ ഇത് സെൻട്രൽ ട്രേഡ് യൂണിയനുകളെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ഏറ്റവും ഭദ്രതയുള്ള ബോർഡ് കെട്ടിടനിർമ്മാണത്തൊഴിലാളിക്ഷേമമാണെന്നാണ് നമ്മൾ ധരിച്ചിരിക്കുന്നതെങ്കിലും 2020 ആകുമ്പോഴേക്കും

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ ബോർഡിന് 270 കോടിരൂപ പ്രതിവർഷ വരുമാനവും 450 കോടി രൂപ പ്രതിവർഷം ചെലവുമാകാൻ പോകുകയാണ്. 2020 ആകുമ്പോഴേയ്ക്കും അതും നിശ്ചലമാകാൻ പോകുകയാണ്. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് അക്വൈലബിൾ റിസോഴ്സസ് അനുസരിച്ച് കൊടുക്കാമെന്നു വിചാരിച്ചതു കൊണ്ടുമാത്രമാണ് വർദ്ധിച്ച പെൻഷൻ ഇപ്പോൾ കൊടുക്കാതിരിക്കുന്നത്. ഒരു പുനഃക്രമീകരണത്തിന്റെ ഭാഗമായി; വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സാഹചര്യം വരുമ്പോൾ അതും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. ക്ഷേമനിധി പെൻഷനുകളെല്ലാം 6 മാസത്തെ കുടിശ്ശികയുണ്ട്. അതെല്ലാം പ്രോസ്സസ് ചെയ്തുകൊണ്ടിരിക്കുകയാണ്. 3 മാസത്തെ പെൻഷൻ വരും ദിവസങ്ങളിൽത്തന്നെ കൊടുക്കാൻ കഴിയുമെന്നാണ് ധനകാര്യ വകുപ്പിൽനിന്ന് അറിയിച്ചിരിക്കുന്നത്. അതനുസരിച്ച് ആ പെൻഷനും കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമുക്കെല്ലാവർക്കും ചേർന്ന് ഇക്കാര്യത്തിലൊരു കൺസെൻസസ് ഉണ്ടാക്കാനും ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്താനും കഴിയണം. അതിനുള്ള നടപടികൾ ഗവൺമെന്റ് ഇനിഷ്യേറ്റ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പിറ്റയം ഗോപകുമാർ: സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്, ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ ഗവൺമെന്റ് അതിന് ഒരു സെസ്സ് തരുന്നുണ്ട്. അങ്ങനെ ലഭിക്കുന്ന തുകയുടെ ഒരു ശതമാനം ക്ഷേമനിധി ബോർഡിലേക്ക് നൽകിയാൽ തീർച്ചയായും ഈ പ്രതിസന്ധിക്ക് കുറച്ചെങ്കിലും ആശ്വാസം കിട്ടും. അതുപോലെ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് 24 മാസം കഴിയുമ്പോൾ രജിസ്ട്രേഷൻ നഷ്ടപ്പെടുന്നുണ്ട്. അതവർക്ക് റീ-ഇൻസ്റ്റേറ്റ് ചെയ്യുന്നതിനുള്ള നടപടി എല്ലാ പ്രാവശ്യവും സ്വീകരിക്കാൻ ഗവൺമെന്റ് ഉത്തരവ് കൊടുക്കാറുണ്ട്. അതിനുള്ള നടപടികൂടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, രണ്ടുകാര്യങ്ങളാണ്. ആദ്യംപറഞ്ഞത് സംബന്ധിച്ച് നയപരമായി തീരുമാനിക്കേണ്ട കാര്യമാണ്. അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എങ്ങനെ വരുമാനം വർദ്ധിപ്പിക്കാമെന്നുള്ള കാര്യം ഇവിടെ ചർച്ചചെയ്യാം, ആ കാര്യവും പരിശോധിക്കാം. ഇതെല്ലാം ലേബർ ഡിപ്പാർട്ട്മെന്റിനുമാത്രം തീരുമാനിക്കാൻ പറ്റുന്ന കാര്യമല്ല. എങ്കിലും നമുക്ക് ചെയ്യാം. രണ്ടാമതായി പറഞ്ഞ കാര്യം നമുക്ക് അനുഭാവപൂർവ്വം പരിഗണിക്കാം. എന്നാൽ ലേറ്റസ്റ്റ് സെൻസസ് അനുസരിച്ച് കേരളത്തിൽ 15 ലക്ഷത്തോളം കർഷകത്തൊഴിലാളികളേയുള്ളൂ; നമ്മുടെ ലിസ്റ്റിൽ 24 ലക്ഷത്തോളം കർഷകത്തൊഴിലാളികളുണ്ട്. അതിൽത്തന്നെ വ്യാജ അംഗത്വമുണ്ട്. രണ്ടും മൂന്നും വർഷമായി പുതുക്കാതിരിക്കുന്ന ബഹുഭൂരിപക്ഷം തൊഴിലാളികളും ഇതിനെക്കുറിച്ച് വലിയ താൽപ്പര്യമില്ലാതെ വിട്ടുപോയിട്ടുള്ളവരാണ്. അവർക്ക് അംഗത്വം വീണ്ടും പുതുക്കാൻ അവസരം കൊടുക്കണോ; അതോ അവരുടെ ജനസ്യൂനിറ്റി പരിശോധിച്ചിട്ട് പുനഃക്രമീകരണത്തിനുശേഷം ഒരവസരം കൊടുക്കണോ എന്നു മാത്രമേ ആലോചിച്ചിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly